**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

നം. 8378/ഡി.എ.1/2010/തസ്വഭവ തിരുവനന്തപുരം, തീയതി:04.02.2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – 2010 സ്പോർട്സ് വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് മേഖലയിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ – സംബന്ധിച്ച്.

സൂചന:- സ.ഉ(എം.എസ്) നം. 128/2007/തസ്വഭവ; തീയതി 14.05.2007

2010 സ്പോർട്സ് വർഷമായി ആചരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനായി തദ്ദേശഭരണ സ്ഥാപന അസോസിയേഷനുകളുടെ ഒരു യോഗം 2010 ജനുവരി 20–ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെയും നിയമ–പാർലമെന്ററികാര്യ–സ്പോർട്സ് വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വച്ച് ചേരുകയുണ്ടായി. ആ യോഗത്തിൽ, സ്പോർട്സ് മേഖലയുടെ വികസനത്തിന് പതിനൊന്നാം പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പ്രവർത്തനങ്ങളും സ്പോർട്സ് മേഖലയിൽ നടപ്പാക്കി വരുന്ന മറ്റ് പ്രവർത്തനങ്ങളും 2010–ൽ തന്നെ പൂർത്തീകരിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### I ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സ്പോർട്സ് കൗൺസിലുകൾ

1. 2000–ലെ കേരള സ്പോർട്സ് നിയമത്തിൽ സംസ്ഥാന, ജില്ലാ തലങ്ങളിലും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കണമെന്ന് വിഭാവന ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ സംസ്ഥാന, ജില്ലാതലങ്ങളിൽ മാത്രമാണ് കൗൺസിലുകൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. താഴെത്തട്ടിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ മാത്രമാണ് കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. 2010 മാർച്ചോടുകൂടി സംസ്ഥാനത്തെ മറ്റ് 998 ഗ്രാമപഞ്ചായത്തുകളിലും 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

2. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലെ സ്പോർട്സ് കൗൺസിലുകളുടെ ഘടന ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. സ്പോർട്സ് കൗൺസിലുകൾ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ട സമിതികൾ (statutory body) ആയതിനാൽ ഗസറ്റ് വിജ്ഞാപനത്തിലൂടയാണ് അവ നിലവിൽ വരുന്നത്. അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയാണ് വിജ്ഞാപനം പുറപ്പെടുവിക്കുക. ആദ്യഘട്ടത്തിൽ നോമിനേറ്റഡ് കൗൺസിലുകളാണ് നിലവിൽ വരിക. 5 വർഷമായിരിക്കും കൗൺസിലിന്റെ കാലാവധി. ഇപ്രകാരം കൗൺസിലുകൾ രൂപീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കൗൺസിലിൽ ഉൾപ്പെടുത്തേണ്ട ചുവടെ പ്രതിപാദിക്കുന്ന അംഗങ്ങളെ നിശ്ചയിക്കേണ്ടതാണ്.

**(എ) ഗ്രാമ സ്പോർട്സ് കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ട അംഗങ്ങൾ**

(1) സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ – അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(2) രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ.

(3) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക–രക്ഷാകർതൃ സംഘടനകളുടെ പ്രസിഡന്റുമാരിൽ നിന്നും ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

(4) മൂന്ന് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ – അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടിക വർഗ്ഗവിഭാഗത്തിലോ ഉൾപ്പെട്ട ആളുമായിരിക്കേണ്ടതാണ്.

(5) സ്പോർട്സ് സംഘടനകളുടെയോ ക്ലബുകളുടെയോ ഔദ്യോഗിക ഭാരവാഹികളായ രണ്ട് പേർ

**(ബി) മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ട അംഗങ്ങൾ**

(1) സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ – അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(2) സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(3) ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായിക അദ്ധ്യാപകനും;

(4) മുനിസിപ്പാലിറ്റിയിലെ മൂന്ന് കൗൺസിലർമാർ – അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെട്ട ആളുമായിരിക്കേണ്ടതാണ്.

(5) സ്പോർട്സ് സംഘടനകളുടെയോ ക്ലബുകളുടെയോ ഔദ്യോഗിക ഭാരവാഹികളായ രണ്ടുപേർ;

**(സി)കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ട അംഗങ്ങൾ**

(1) സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ – അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(2) കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ളതും സ്പോർട്സ് മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചതുമായ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും

(3) കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ള രണ്ട് കായികാദ്ധ്യാപകർ – അവരിൽ ഒരാൾ കോളേജിൽ നിന്നും മറ്റേയാൾ സ്കൂളിൽ നിന്നും ആയിരിക്കേണ്ടതാണ്.

(4) കോർപ്പറേഷനിലെ മൂന്ന് കൗൺസിലർമാർ – അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെട്ട ആളുമായിരിക്കേണ്ടതാണ്.

(5) സ്പോർട്സ് സംഘടനകളുടെയും ക്ലബുകളുടെയും ഔദ്യോഗിക ഭാരവാഹികളായ അഞ്ച് പേർ – അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിലോ പട്ടികവർഗ്ഗ വിഭാഗത്തിലോ ഉൾപ്പെട്ട ആളുമായിരിക്കേണ്ടതാണ്.

3. മുകളിൽ വിവരിച്ചത് പ്രകാരം അംഗങ്ങളെ നിശ്ചയിച്ച് ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും മുനിസിപ്പാലിറ്റികൾ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെയും കോർപ്പറേഷനുകൾ നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടറെയും (ഭരണം) 2010 ഫെബ്രുവരി 20–നകം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന

നോമിനേഷനുകൾ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് കൈമാറണം. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി അവ 2010 ഫെബ്രുവരി 25-നകം സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്. മുനിസിപ്പാലിറ്റികളിൽ നിന്നും ലഭിക്കുന്ന നോമിനേഷനുകളുടെ വിവരങ്ങൾ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറും കോർപ്പറേഷനുകളിൽ നിന്നും ലഭിക്കുന്ന നോമിനേഷനുകളുടെ വിവരങ്ങൾ നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറും (ഭരണം) 2010 ഫെബ്രുവരി 25-നകം സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

## II ഒരു വാർഡിൽ ഒരു കളിസ്ഥലം ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു മിനിസ്റ്റേഡിയം

1. ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു സ്റ്റേഡിയവും കണ്ടെത്തി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസരപദ്ധതി തയ്യാറാക്കുന്നതിന് സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുവരെയും ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഡിയം പുതുതായി നിർമ്മിക്കുന്നതിനു പകരം അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ആസ്തി രജിസ്റ്റർ പുതുക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തേണ്ടതും മികച്ച നിലവാരത്തിലുള്ള കളിസ്ഥലവും സ്റ്റേഡിയവുമായി അവയെ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് 2010–11 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതുമാണ്. ഇതിനുള്ള വിഹിതം സേവന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. കളിസ്ഥലം/സ്റ്റേഡിയത്തിന്റെ മാതൃക സ്പോർട്സ് വകുപ്പ് ലഭ്യമാക്കുന്നതാണ്.
2. നിലവിലുള്ള കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന് 20 കോടിയോളം രൂപ വിവിധ ഗ്രാമ പഞ്ചായത്തുകൾക്കും സ്കൂളുകൾക്കും 2006–09 കാലയളവിൽ സർക്കാർ നൽകിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഫണ്ട് അനുവദിച്ച ഗ്രാമ പഞ്ചായത്തുകൾ/സ്കൂളുകൾ, അനുവദിച്ച തുക എന്നിവയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളെയും ജില്ലാ ആസൂത്രണ സമിതികളെയും സ്പോർട്സ് വകുപ്പ് അറിയിക്കുന്നതാണ്. ഫണ്ട് ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ 2010–11–ൽ തന്നെ പൂർത്തിയാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ഫണ്ട് ലഭിച്ച സ്കൂളുകളെ സംബന്ധിച്ചിടത്തോളം മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രവൃത്തി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രതിമാസ പദ്ധതി നിർവഹണ അവലോകന യോഗത്തിൽ ഇതിന്റെ നിർവഹണ പുരോഗതി പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്.

## III ഒരു ഗ്രാമപഞ്ചായത്തിൽ ഒരു നീന്തൽക്കുളവും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും

1. കേരളത്തിലെ ജലാശയങ്ങളിലും നദികളിലും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങൾ കാരണമാണ് ഇത്തരമൊരു പദ്ധതി സർക്കാർ ആവിഷ്കരിച്ചത്. വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനം നൽകുകയും അതിലൂടെ നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു നീന്തൽക്കുളമെങ്കിലും ഉണ്ടായാലേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പുപദ്ധതിയുടെയോ വാർഷിക പദ്ധതിയുടെയോ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്. എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും 2010–11 കാലയളവിൽ തന്നെ ഈ രീതിയിൽ ഒരു കുളം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തണം. നല്ലവണ്ണം നീന്തൽ വശമുള്ള ആളായിരിക്കണം പരിശീലകൻ. അവർക്ക് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതാണ്.

## IV പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (PYKKA)

ഗ്രാമപ്രദേശങ്ങളിലെ യുവതീ–യുവാക്കളിൽ സ്പോർട്സിനോട് ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോട നടപ്പാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 'പൈക്ക'. 2008–09 വർഷിക പദ്ധതിയിൽ കേരളത്തിൽ 100 ഗ്രാമപഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നടപ്പുവർഷം 100 ഗ്രാമപഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും കൂടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. കളിസ്ഥലങ്ങൾ നിർമ്മിക്കുക, വിവിധ കായിക ഇനങ്ങളിൽ പലിശീലനം നൽകുക, മത്സരങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. ഒരു ഗ്രാമപഞ്ചായത്തിന് 18 ലക്ഷത്തോളം രൂപ ഈ പദ്ധതി നടപ്പാക്കുന്നതിനായി ലഭിക്കുന്നതാണ്. പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിശീലനം നൽകൽ, മത്സരങ്ങൾ സംഘടിപ്പിക്കൽ തുടങ്ങിയ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്. 2008–09, 2009–10 വാർഷിക പദ്ധതികളിൽ പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക്പഞ്ചയാത്തുകളുടെയും വിവരങ്ങൾ സ്പോർട്സ് വകുപ്പ് ജില്ലാ ആസൂത്രണ സമിതികളെ അറിയിക്കുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

## V വിഷൻ ഇന്ത്യാ പ്രോജക്ട്

വിദ്യാർത്ഥികൾക്ക് ആധുനിക ഫുട്ബാൾ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'വിഷൻ ഇന്ത്യാ പ്രോജക്ട്' 14 ജില്ലകളിലും നടപ്പാക്കി വരികയാണ്. ആദ്യഘട്ടമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഒരു ജില്ലയിൽ 8 സ്കൂളുകൾ വീതം ഒരു സ്കൂളിൽ നിന്ന് 40 വിദ്യാർത്ഥികൾ എന്ന കണക്കിലും ബാക്കി 7 ജില്ലകളിൽ ഒരു ജില്ലയിൽ 5 സ്കൂളുകൾ വീതം ഒരു സ്കൂളിൽ 25 വിദ്യാർത്ഥികൾ എന്ന കണക്കിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നത്. ഏഷ്യൻ ഫുട്ബാൾ കോൺഫഡറേഷന്റെ സങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പിരശീലന ചെലവുകൾ സ്പോർട്സ് വകുപ്പ് വഹിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് പരിശീലന സമയത്ത് ഭക്ഷണം നൽകുന്നതിനുള്ള ചെലവുകൾ ബന്ധപ്പെട്ട സൂകുളുകളുടെ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. പ്രസ്തുത ചെലവ് വഹിക്കുന്നതിന് തനത്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. തെരഞ്ഞടുക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ സ്പോർട്സ് വകുപ്പ് അറിയിക്കുന്നതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 സെക്രട്ടറി, സ്പോർട്സ് വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 സെക്രട്ടറി, സംസ്ഥാന സ്പോർട്സ് കൗൺസിൽ
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
20 എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും.
21 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
22 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
27 എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാർക്കും
28 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
29 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
30 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
32 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
33 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
34 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
35 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. നിയമ-പാർലമെന്ററികാര്യ-സ്പോർട്സ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
5. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

**അനുബന്ധം**

## I. ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ ഘടന

<u>എക്സ് ഒഫിഷ്യോ അംഗങ്ങൾ</u>

(എ) ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്, അദ്ദേഹം ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്;

(ബി) ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ഗ്രാമ സ്പോർട് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ

(ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും)

(ഇ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള മെഡിക്കൽ ഓഫീസർ

(എഫ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള വില്ലേജ് ഓഫീസർ

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(എ) ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ – അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(ബി) ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ.

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക – രക്ഷാകർതൃ സംഘടനകളുടെ പ്രസിഡന്റുമാരിൽ നിന്നും ഗ്രാമ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

(എ) ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങൾ – അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളുമായിരിക്കേണ്ടതാണ്.

(ബി) ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബുകളുടെയും പ്രസിഡന്റുമാർ – അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ടുപേർ.

## II. മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ ഘടന

<u>എക്സ് ഒഫിഷ്യോ അംഗങ്ങൾ</u>

(എ) മുനിസിപ്പൽ കൗൺസിലിന്റെ ചെയർപേഴ്സൺ, അദ്ദേഹം മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്.

(ബി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത്, അധികാരിതയുള്ള പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ

(സി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും)

(ഡി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ

(ഇ) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസർ

(എഫ്) മുനിസിപ്പൽ കൗൺസിലിന്റെ സെക്രട്ടറി

(ജി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള തഹസിൽദാർ

(എച്ച്) മുനിസിപ്പൽ കൗൺസിൽ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(എ) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ – അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ബി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർടിസിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും;

(സി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായിക അദ്ധ്യാപകനും.

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

(എ) മുനിസിപ്പൽ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങൾ – അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപ്പെട്ട ആളുമായിരിക്കേണ്ടതാണ്; ഇവരിലൊരാൾ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്;

(ബി) മുനിസിപ്പൽ സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെ ഔദ്യോഗിക ഭാരവാഹികൾ – അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ടുപേർ;

## III. കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ ഘടന

<u>എക്സ് – ഒഫിഷ്യോ അംഗങ്ങൾ</u>

(എ) മുനിസിപ്പൽ കോർപ്പറേഷൻ മേയർ, അദ്ദേഹം കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്.

(ബി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള പോലീസ് കമ്മീഷണർ

(സി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും)

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള മുനിസിപ്പാലിറ്റികളുടെ റിജീയണൽ ജോയിന്റ് ഡയറക്ടർ

(ഇ) മുനിസിപ്പൽ കോർപ്പറേഷന്റെ സെക്രട്ടറി, അദ്ദേഹം കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(എഫ്) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

(ജി) ജില്ലാ വിദ്യാഭ്യാസ ഓഫീസർ

(എച്ച്) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള തഹസീൽദാർ

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(എ) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ – അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;

(ബി) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ള രണ്ട് കായികാദ്ധ്യാപകർ – അവരിൽ ഒരാൾ കോളേജിൽ നിന്നും മറ്റേയാൾ സ്കൂളിൽ നിന്നും ആയിരിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങൾ – അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളുമായിരിക്കേണ്ടതാണ്. ഇവരിലൊരാൾ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കും.

(ബി) കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകളുടെയും ക്ലബുകളുടെയും ഭാരവാഹികൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ച് പേർ – അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളുമായിരിക്കേണ്ടതാണ്.

xxxxxx